## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.347 28.01.2019 ൽ മറുപടിയ്ക്ക്

### റേഷൻകടകളിലെ അളവു തൂക്കം ഇ-പോസ് യന്ത്രവുമായി ബന്ധിപ്പിക്കാൻ നടപടി

ചോദ്യം

ശ്രീ.പി.കെ.അബ്ദു റബ്ബ്
ശ്രീ.സി.മമ്മൂട്ടി
ശ്രീ.പി.ഉബൈദുള്ള
ശ്രീ.കെ.എം.ഷാജി

ഉത്തരം

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ട്രാൻസ്പോർട്ടേഷൻ കരാർ നൽകിയതിലുണ്ടായ കാലതാമസം മൂലം പല ജില്ലകളിലും റേഷൻ സാധനങ്ങൾ എത്തിക്കാൻ വൈകിയതിനാൽ റേഷൻ വിതരണത്തിന് തടസ്സം നേരിട്ടിട്ടുണ്ടോ; | (എ) | ട്രാൻസ്പോർട്ടേഷൻ കരാർ നൽകുന്നതിന് കാലതാമസമുണ്ടായ സ്ഥലങ്ങളിൽ താൽക്കാലിക കരാറുകാരെ ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചിരിക്കുന്നതിനാൽ റേഷൻ വിതരണത്തിൽ തടസ്സം നേരിട്ടിട്ടില്ല. |
| (ബി) | വാതിൽപ്പടി വിതരണ സമ്പ്രദായം അനുസരിച്ച് കരാറുകാർ റേഷൻ സാധനങ്ങൾ തൂക്കി നൽകുന്നില്ലെന്ന പരാതി ഉണ്ടായിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | കടകളിലെ അളവു തൂക്കയന്ത്രം ഇ-പോസ് യന്ത്രവുമായി ബന്ധപ്പെടുത്തിയിട്ടുണ്ടോ; ഈ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ 5 റേഷൻ കടകളിൽ അളവുതൂക്ക യന്ത്രം ഇ-പോസ് യന്ത്രവുമായി ബന്ധപ്പെടുത്തി റേഷൻ വിതരണം നടത്തുന്നുണ്ട്. 2019 ജൂൺ മാസത്തോടെ സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ഈ പ്രക്രിയ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ